**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4376** **18-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ ജോലി ചെയ്തുവരുന്നവരുടെ അധിക ഇൻക്രിമെന്റിനുള്ള യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് എം.ബി.എ. യോഗ്യത ഉണ്ടെങ്കിൽ ഒരു അധിക ഇൻക്രിമെന്റ് നൽകുന്നുണ്ടോ; ഇങ്ങനെയുള്ള ഇൻക്രിമെന്റിന് എം.ബി.എ. റഗുലർ കോഴ്സിൽ പാസ്സാകണമെന്ന നിബന്ധന എല്ലാ സഹകരണ ബാങ്കുകളിലെയും ജീവനക്കാർക്ക് ബാധകമാണോ; വിശദമാക്കാമോ; | (എ) | സഹകരണ ബാങ്കുകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് എം.ബി.എ യോഗ്യത ഉണ്ടെങ്കിൽ ഒരു അധിക ഇൻക്രിമെന്റ് നൽകുന്നുണ്ട്. ഇങ്ങനെയുള്ള ഇൻക്രിമെന്റിന് എം.ബി.എ. റഗുലർ കോഴ്സിൽ പാസ്സാകണമെന്ന നിബന്ധന എല്ലാ സഹകരണ ബാങ്കുകളിലെയും ജീവനക്കാർക്ക് ബാധകമാണ്.<br><br>പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ MBA, MCA, CA എന്നീ യോഗ്യതകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ യോഗ്യതയുള്ള ജീവനക്കാർക്ക് ഒരു അഡീഷണൽ ഇൻക്രിമെന്റ് അനുവദിക്കുന്നത് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച 2, 3 വർഷത്തെ റഗുലർ, ഫുൾടൈം MBA, MCA യോഗ്യതയായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ടി വ്യവസ്ഥ അർബൻ സഹകരണ ബാങ്കുകൾക്കും ബാധകമാക്കി 16.01.2015 ലെ സ.ഉ(എംഎസ്)നം.11/2015/സഹ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | അർബൻ സഹകരണ ബാങ്കിലെ ജീവനക്കാർ റഗുലർ കോഴ്സിലൂടെ എം.ബി.എ. നേടിയാൽ മാത്രമേ അധിക ഇൻക്രിമെന്റ് നൽകാവൂ എന്ന സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവേചനപരമായ ഈ ഉത്തരവ് പിൻവലിക്കുമോ; വ്യക്തമാക്കാമോ? | (ബി) | 22.07.2014 ലെ സ.ഉ(കൈ)നം.94/2014/സഹ., 16.01.2015 ലെ സ.ഉ(എം.എസ്)നം.11/2015/ സഹ. എന്നീ ഉത്തരവുകൾ പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിലേയും അർബൻ സഹകരണ ബാങ്കുകളിലേയും ജീവനക്കാർക്ക് അഡീഷണൽ ഇൻക്രിമെന്റ് അനുവദിക്കുന്നതിന് നേടിയിരിക്കേണ്ട MBA, MCA, CA യോഗ്യത കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച 2, 3 വർഷത്തെ റഗുലർ/ഫുൾടൈം MBA, MCA യോഗ്യതയായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ